| 08-08-2024 | പ്രഭാത മുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ - അച്ഛൻ, ടീച്ചർ, സദ്ഗുരു ഈ മൂന്നു ശബ്ദങ്ങൾ ഓർമ്മിക്കുകയാണെങ്കിൽ അനേക വിശേഷതകൾ വന്നുചേരും**

**ചോദ്യം:-** ഏതു കുട്ടികളുടെയാണ് ഓരോ ചുവടിലും കോടികളുടെ സമ്പാദ്യം ശേഖരിക്കപ്പെടുന്നത്?
**ഉത്തരം:-** സേവനത്തിൽ ആരാണോ തന്റെ ഓരോ ചുവടും മുന്നോട്ടു വെച്ചുകൊണ്ടിരിക്കുന്നത്, അവരാണ് കോടികളുടെ സമ്പാദ്യം ശേഖരിച്ചുകൊണ്ടിരിക്കുന്നത്. അഥവാ ബാബയുടെ സേവനത്തിൽ ഒരു ചുവടുപോലും വയ്ക്കുന്നില്ലെങ്കിൽ എങ്ങനെ കോടികൾ നേടും. സേവനം തന്നെയാണ് ഓരോ ചുവടിലും കോടികൾ നൽകുന്നത്, ഇതിലൂടെ കോടാനുകോടിപതിയായി മാറുന്നു.

**ചോദ്യം:-** ഏതു രഹസ്യം അറിയുന്നതു കാരണമാണ് നിങ്ങൾ കുട്ടികൾ സർവ്വരുടേയും മംഗളകാരിയായി മാറുന്നത്?
**ഉത്തരം:-** എല്ലാവർക്കും കൂടി ഈയൊരു കടയാണ് ഉള്ളത്, ബാബ നമ്മൾ കുട്ടികൾക്ക് ഈ രഹസ്യം മനസ്സിലാക്കി തന്നു, എല്ലാവർക്കും ഇവിടെയ്ക്കു തന്നെയാണ് വരേണ്ടത്. ഈ രഹസ്യം അറിയുന്ന കുട്ടികളാണ് സർവ്വരുടെയും മംഗളകാരിയായി മാറുന്നത്.

**ഓം ശാന്തി.** ബാബ നമ്മുടെ അച്ഛനും ടീച്ചറും സദ്ഗുരുവുമാണെന്ന് ആത്മീയ അച്ഛന്റെ ഓരോ ആത്മീയ കുട്ടികൾക്കുമറിയാം. ഇതറിഞ്ഞിട്ടും കുട്ടികൾ ഇടയ്ക്കിടയ്ക്ക് മറന്നു പോകുന്നു. ഇവിടെ ഇരിക്കുന്നവർക്കുമറിയാം, പക്ഷേ മറന്നു പോവുകയാണ്. ലോകത്തിലുള്ളവർക്ക് ഒന്നും തന്നെ അറിയില്ല. ബാബ പറയുകയാണ് കേവലം ഈ മൂന്ന് വാക്കുകൾ മാത്രം ഓർമ്മയിലുണ്ടെങ്കിൽ വളരെയധികം സേവനം ചെയ്യാൻ സാധിക്കും. പ്രദർശിനി വെയ്ക്കുമ്പോഴും മ്യൂസിയത്തിലും ധാരാളം ആളുകൾ നിങ്ങളുടെ അടുത്ത് വരും. വീട്ടിലും മിത്രസംബന്ധികൾ ധാരാളം വരുന്നുണ്ട്. ആരുതന്നെ വന്നാലും നിങ്ങൾ മനസ്സിലാക്കി കൊടുക്കണം, ആരെയാണോ നിങ്ങൾ ഭഗവാനെന്ന് പറയുന്നത് ആ ഭഗവാൻ അച്ഛനും ടീച്ചറും സദ്ഗുരുവുമാണ്. മറ്റൊന്നും ഓർമ്മ വരാതെ ഈ കാര്യം മാത്രം ഓർമ്മിക്കുകയാണെങ്കിൽ വളരെ നല്ലത്. മറ്റാരും ഇങ്ങനെ പറയില്ല. ബാബ നമ്മുടെ അച്ഛനും ടീച്ചറും സദ്ഗുരുവുമാണെന്ന് നിങ്ങൾ കുട്ടികൾക്കറിയാം. ഇത് വളരെ സഹജമാണ്. പക്ഷേ ഈ മൂന്നക്ഷരം പോലും ബുദ്ധിയിൽ ധാരണ ചെയ്യാൻ സാധിക്കാത്ത, മറന്നു പോകുന്ന കല്ലു ബുദ്ധികളായ കുട്ടികളുമുണ്ട്. ബാബ നമ്മളെ മനുഷ്യനിൽ നിന്നും ദേവതയാക്കി മാറ്റുകയാണ്, കാരണം പരിധിയില്ലാത്ത അച്ഛനാണല്ലോ. പരിധിയില്ലാത്ത അച്ഛനാണെങ്കിൽ തീർച്ചയായും പരിധിയില്ലാത്ത സമ്പത്തും നൽകും. ദേവതകളുടെ അടുത്താണ് പരിധിയില്ലാത്ത സമ്പത്തുള്ളത്. കേവലം ഇത്രമാത്രം ഓർമ്മ ഉണ്ടായാൽ തന്നെ വീട്ടിലിരുന്നുകൊണ്ട് പോലും വളരെയധികം സേവനം ചെയ്യാൻ സാധിക്കും. എന്നാൽ ഇത് മറന്നുപോകുന്നതു കാരണം ആരോടും പറയാൻ സാധിക്കുന്നില്ല. മുഴുവൻ കല്പത്തിലും മറന്നതു കാരണം ഇടയ്ക്കിടയ്ക്ക് മറന്നു പോകുന്നു. ഇപ്പോൾ ബാബയിരുന്ന് മനസ്സിലാക്കി തരുന്നു. വാസ്തവത്തിൽ ഈ ജ്ഞാനം വളരെ സഹജമാണ്. ബാക്കി ഓർമ്മയുടെ യാത്രയിലൂടെ സമ്പൂർണ്ണമായി മാറണം. ഇതിലാണ് പരിശ്രമം. ബാബ നമ്മുടെ അച്ഛനാണ്, പഠിപ്പും നൽകുന്നു, സമ്പാദ്യവും നൽകുന്നു, പവിത്രവുമാക്കി മാറ്റുന്നു. കാരണം ബാബ പതീത പാവനനാണ്. എന്നെ മാത്രം ഓർമ്മിക്കൂ എന്ന് എല്ലാവരോടും പറയൂ, കേവലം ഇതു മാത്രമാണ് ബാബ പറയുന്നത്. ബാബയുടെ സേവനത്തിൽ ഒരു ചുവടുപോലും വെയ്ക്കുന്നില്ലായെങ്കിൽ പിന്നെങ്ങനെ കോടികൾ നേടും? സേവനത്തിലൂടെ മാത്രമെ കോടികൾ നേടാൻ സാധിക്കൂ. ഓരോ ചുവടിലും സമ്പാദ്യം നേടുന്നത് സേവനത്തിലൂടെയാണ്. സേവനത്തിനുവേണ്ടി കുട്ടികൾ അവിടെയും ഇവിടെയും ഓടികൊണ്ടിരിക്കുകയാണ്, എത്ര ചുവടുകളാണ് വെയ്ക്കുന്നത്. ആദ്യം ശൂദ്രനിൽ നിന്നും ബ്രാഹ്മണനായി മാറണമെന്ന് ബുദ്ധി പറയുന്നു. ബ്രാഹ്മണനായി മാറിയില്ലെങ്കിൽ പിന്നെന്തായി മാറും. സേവനം ചെയ്യണമല്ലോ! കുട്ടികൾക്ക് ഉത്സാഹം വർദ്ധിക്കുന്നതിനുവേണ്ടിയാണ് സേവനത്തിന്റെ വാർത്തകൾ കേൾപ്പിക്കുന്നത്. കോടികൾ ലഭിക്കുന്നത് സേവനത്തിലുടെയാണ്. ലോകത്തിലെ ഒരാൾക്കുപോലും അറിയാത്ത കാര്യം നിങ്ങൾ കേൾപ്പിക്കൂ. പരിധിയില്ലാത്ത അച്ഛനാണിത്. പക്ഷെ ആർക്കും ബാബയുടെ പരിചയമില്ല. കേവലം ഗോഡ്ഫാദർ എന്ന് പറഞ്ഞുകൊണ്ടിരിക്കുന്നു. ബാബ ടീച്ചറാണെന്ന് ഒരാളുടെ ബുദ്ധിയിലുമില്ല. വിദ്യാർത്ഥിയാണെങ്കിൽ ബുദ്ധിയിൽ സദാ ടീച്ചറുടെ ഓർമ്മയുണ്ടാകും, നല്ല രീതിയിൽ പഠിക്കാത്തവരെ അറിവില്ലാത്തവരെന്ന് പറയുന്നു. ബാബ പറയുന്നു കുഴപ്പമില്ല. മറ്റൊന്നും പഠിക്കാതെ തന്നെ നമ്മൾ സഹോദര സഹോദരനാണെന്ന് നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിച്ചു. നമ്മുടെ ബാബ പരിധിയില്ലാത്ത പിതാവാണ്. ബ്രഹ്മാവിലൂടെ ഒരു ധർമ്മത്തിന്റെ സ്ഥാപന ചെയ്യാൻ ബാബ

വന്നിരിക്കുകയാണ്. പക്ഷെ മനുഷ്യർ ഒന്നും മനസ്സിലാക്കുന്നില്ല. അഥവാ ഈശ്വരൻ ഒരിക്കലും വരുന്നില്ലായെങ്കിൽ അല്ലയോ പതീതപാവനാ, മുക്തിദാതാ വരൂ എന്ന് വിളിച്ചതെന്തിനാണ്? നിങ്ങൾ പതീതപാവനനെ വിളക്കുന്നുണ്ട് എന്നിട്ടും ശാസ്ത്രങ്ങൾ പഠിക്കുന്നതെന്തിനാണ്? എന്തിനാണ് തീർത്ഥാടനം ചെയ്യുന്നത്? എന്താണവിടെ ഇരിക്കുന്നത്? ഈശ്വരൻ പതീത പാവനനാണെന്ന് അറിയാത്തിടത്തോളം ഗംഗാസ്നാനം മുതലായവ ചെയ്യുന്നതിലൂടെ എങ്ങനെയാണ് പാവനമായി മാറുക. ഇവിടെ തന്നെ ജന്മമെടുക്കണം, സ്വർഗ്ഗത്തിൽ ഒരാൾക്കും പോകാൻ സാധിക്കില്ല. പുതിയലോകവും പഴയലോകവും തമ്മിൽ വ്യത്യാസമുണ്ടല്ലോ. ഇതിനെ സത്യയുഗമെന്ന് ഒരിക്കലും പറയില്ല . ഇപ്പോൾ കലിയുഗമല്ലേ. മനുഷ്യർ തികച്ചും കല്ലുബുദ്ധികളാണ്. കുറച്ചു സുഖം കാണുമ്പോഴെയ്ക്കും സ്വർഗ്ഗമാണെന്ന് മനസ്സിലാക്കുന്നു. ബാബ ഒരിക്കലും വഴക്കുപറയുകയല്ല, മനസ്സിലാക്കി തരുകയാണ്. ബാബ പഠിപ്പും, സർവ്വർക്കും സദ്ഗതിയും നൽകുന്നു. ഭഗവാൻ അച്ഛനാണെങ്കിൽ തീർച്ചയായും എന്തെങ്കിലും ലഭിക്കണം. തീർച്ചയായും സമ്പത്തിന്റെ സുഗന്ധം പരത്തുന്ന വാക്കാണ് ബാബ എന്നുള്ളത്. എത്ര തന്നെ ചെറിയച്ഛന്മാരും അമ്മാവന്മാരുമുണ്ടെങ്കിലും അവരിൽ നിന്നൊരിക്കലും സമ്പത്തിന്റെ സുഗന്ധം വരുകയില്ല. അന്തർമുഖതയിലിരുന്ന് ചിന്തിക്കണം ബാബ സത്യമാണ് പറയുന്നത് എന്ന്. ഗുരുവിന്റ അടുത്ത് സമ്പത്തില്ല. ഗുരു സ്വയം വീടുപേക്ഷിക്കുകയാണ് ചെയ്യുന്നത്. നിങ്ങൾ വികാരങ്ങളെയാണ് സന്യാസം ചെയ്യുന്നത്. ഞങ്ങൾ വീടുപേക്ഷിച്ചെന്നവർ പറയും, ഞങ്ങൾ മുഴുവൻ ലോകത്തിലെയും വികാരങ്ങളെ സന്യാസം ചെയ്തെന്ന് നിങ്ങൾ പറയും. പുതിയ ലോകത്തിലേക്ക് പോകുന്നത് വളരെ സഹജമാണ്. മുഴുവൻ പഴയ സൃഷ്ടിയേയും തമോപ്രധാന ലോകത്തയും ആണ് ഞങ്ങൾ സന്യാസം ചെയ്യുന്നത്. സത്യയുഗം പുതിയ ലോകമാണ്. തീർച്ചയായും പുതിയ ലോകമുണ്ടാകുമെന്നുമറിയാം. എല്ലാവരും പാടുന്നുണ്ട്. പുതിയ ലോകത്തെയാണ് സ്വർഗ്ഗമെന്ന് പറയുന്നത്. പക്ഷെ മറ്റുള്ളവർ വെറുതെ പറയുക മാത്രമാണ് ചെയ്യുന്നത്, ഒന്നും മനസ്സിലാക്കുന്നില്ല. അതുകൊണ്ട് ബാബ പറയുകയാണ് കേവലം ഇത് ഓർമ്മിക്കൂ, ബാബ നമ്മുടെ അച്ഛനും ടീച്ചറും സദ്ഗുരുവുമാണ്. എല്ലാവരെയും കൂടെ കൂട്ടി കൊണ്ട് പോകുന്നു. മന്മനാ ഭവ എന്ന രണ്ടക്ഷരമേയുള്ളൂ ഇതിൽ എല്ലാം അടങ്ങിയിട്ടുണ്ട്, പക്ഷെ ഇതും മറക്കുകയാണ്. ബുദ്ധിയിൽ എന്തെല്ലാമാണ് ഓർമ്മിക്കുന്നതുതെന്നുപോലും അറിയുന്നില്ല. ഇല്ലെങ്കിൽ ഇത്രയും സമയം ഞങ്ങൾ ഏതവസ്ഥയിലാണിരിക്കുന്നതെന്ന കാര്യം എഴുതി നൽകൂ. അച്ഛൻ, ടീച്ചർ, സദ്ഗുരുവിന്റെ മുന്നിലാണിരിക്കുന്നതെങ്കിൽ അത് മാത്രമേ ഓർമ്മ വരാവൂ. വിദ്യാർത്ഥിയ്ക്ക് ടീച്ചറെയാണ് ഓർമ്മ വരേണ്ടത്, എന്നാലിവിടെ മായയുണ്ടല്ലോ. ഒറ്റയടിക്ക് തല തിരിപ്പിക്കുന്നു. രാജ്യഭാഗ്യം മുഴുവനെടുക്കുന്നു. നിങ്ങൾക്കറിയുക പോലുമില്ല. സമ്പത്തെടുക്കാനാണ് വരുന്നത്, പക്ഷെ ഒന്നും ലഭിക്കുന്നില്ല. ഇങ്ങനെ തന്നെയല്ലേ പറയുക. സ്വർഗ്ഗത്തിക്കേ് പോകും എന്നാൽ അതൊരു വലിയ കാര്യമല്ല, ഇവിടെ വന്നു എന്നാൽ പഠിച്ചില്ല, അങ്ങനെയെങ്കിലും സ്വർഗ്ഗത്തിലേക്ക് പോകില്ലേ. ഇവിടെ ഇരിക്കുകയല്ലേ. ഇനി എന്തായി മാറിയാലും സ്വർഗ്ഗത്തിലേക്ക് പോകണം. അത് പഠനമായില്ലല്ലോ. കുറച്ചു കേട്ടാൽ പോലും അതിന്റെ ഫലം ലഭിക്കുന്നു. പഠിപ്പിലൂടെ സ്ക്കോളർഷിപ്പ് ലഭിക്കുന്നു. പുരുഷാർത്ഥം ചെയ്തെങ്കിൽ മാത്രമേ ബാബയിൽ നിന്നും ഉയർന്നതിലും ഉയർന്ന പദവി ലഭിക്കുകയുള്ളു. പഠിപ്പിനെ ഓർമ്മിക്കുകയാണെങ്കിൽ 84 ന്റെ ചക്രത്തെയും ഓർമ്മ വരും. ഇവിടെ ഇരിക്കുകയാണെങ്കിൽ എല്ലാം ഓർമ്മ വരണം. പക്ഷെ ഇതു പോലും ഓർമ്മ വരുന്നില്ല. അഥവാ ഓർമ്മ വരുകയാണെങ്കിൽ ആരെയെങ്കിലും കേൾപ്പിക്കും. എല്ലാവരുടെ അടുത്തും ചിത്രമുണ്ട്. ആർക്കെങ്കിലും നിങ്ങൾ ശിവന്റെ ചിത്രത്തിലുള്ള കാര്യം കേൾപ്പിക്കുകയാണെങ്കിൽ ഒരിക്കലും ദേഷ്യപ്പെടുകയില്ല. ശിവൻ പരിധിയില്ലാത്ത പിതാവാണെന്ന് പറഞ്ഞു കൊടുക്കൂ. ശിവനുമായി നിങ്ങൾക്കെന്താണ് സംബന്ധം. ആവശ്യമില്ലാത്ത ഒരു ചിത്രവുമില്ല. ശിവൻ ഭഗവാനാണ്, ഭഗവാൻ നിരാകാരനാണെന്ന് ശിവനെ പറ്റി തീർച്ചയായും പറയണം. ശിവനെ അച്ഛനെന്നും പറയുന്നു ആ അച്ഛൻ പഠിപ്പും നൽകുന്നു. നിങ്ങളുടെ ആത്മാവ് പഠിപ്പെടുക്കുന്നു. എല്ലാം ചെയ്യുന്നത് ആത്മാവാണ്. ആത്മാവുതന്നെയാണ് ടീച്ചറാവുന്നതും. ഈ രഥത്തിൽ വന്നാണ് ബാബയും പഠിപ്പിക്കുന്നത്. സത്യയുഗത്തിന്റെ സ്ഥാപന ചെയ്യുന്നത്. സത്യയുഗത്തിൽ കലിയുഗത്തിന്റെ പേരോ അടയാളമോ ഉണ്ടായിരിക്കുകയില്ല. മനുഷ്യർ എവിടെ നിന്ന് വരും. സേവന തല്പരരായ കുട്ടികൾക്ക് മുഴുവൻ ദിവസവും ചിന്ത നടന്നുകൊണ്ടിരിക്കും. സേവനം ചെയ്യുന്നില്ലായെങ്കിൽ ബുദ്ധി പ്രവർത്തിക്കുന്നില്ലായെന്ന് മനസ്സിലാക്കാൻ സാധിക്കും. വിഡ്ഢികൾ ഇരിക്കുന്നതുപോലെ. ബാബയെ മനസ്സിലാക്കുകയില്ല. പതീത പാവനനായ ബാബയെ ഓർമ്മിക്കുന്നതിലൂടെ സമ്പത്ത് ലഭിക്കുന്നു. ഓർമ്മിച്ചോർമ്മിച്ച് മരിക്കുകയാണെങ്കിൽ ബാബയിൽ നിന്നും എല്ലാ സമ്പത്തും ലഭിക്കും. പരിധില്ലാത്ത അച്ഛന്റെ സമ്പത്താണ് സ്വർഗ്ഗം.

കുട്ടികളുടെ അടുത്ത് ബാഡ്ജുണ്ട്, വീട്ടിൽ അനേകം മിത്ര സംബന്ധികൾ വരാറുണ്ട്. ആരെങ്കിലും മരിച്ചാലും അനേകം പേർ വരും. അവർക്ക് വേണ്ടി നിങ്ങൾക്ക് നല്ല രീതിയിൽ സേവനം ചെയ്യാൻ

സാധിക്കും. ശിവബാബയുടെത് വളരെ നല്ല ചിത്രമാണ്. വളരെ വലുത് വച്ചോളൂ, ഇതിൽ ആരും ഒന്നും പറയില്ല. ഇത് ബ്രഹ്മാവാണെന്ന് പറയുകയില്ല. ഇത് ഗുപ്തമാണ്. ഗുപ്തമായി പറഞ്ഞു കൊടുക്കാൻ നിങ്ങൾക്കും സാധിക്കണം. കേവലം ശിവന്റെ ചിത്രം മാത്രം വെയ്ക്കൂ, ബാക്കിയെല്ലാം മാറ്റൂ. ശിവബാബ അച്ഛനും ടീച്ചറും സദ്ഗുരുവുമാണ്.സംഗമയുഗത്തിൽ പുതിയലോകത്തിന്റെ സ്ഥാപന ചെയ്യാനാണ് ബാബ വരുന്നത്. ബുദ്ധിയിൽ ഈ ജ്ഞാനം ഉണ്ടായിരിക്കണം. മറ്റാരെയും ഓർമ്മിക്കാതെ ശിവബാബയെ മാത്രം ഓർമ്മിക്കൂ എന്ന് എല്ലാവരോടും പറയണം. ശിവബാബ പതീതപാവനനാണ്. ബാബ പറയുകയാണ് നിങ്ങൾ എന്നെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങൾക്ക് എന്നോടൊപ്പം വരാം. ഗുപ്തസേവനം ചെയ്യാൻ നിങ്ങൾക്ക് സാധിക്കും. ലക്ഷ്മീ നാരായണൻ ഉണ്ടായത് ഈ ജ്ഞാനത്തിലൂടെയാണ്. നിരാകാരനായ ശിവബാബ എങ്ങനെയാണ് വരുന്നതെന്ന് എല്ലാവരോടും പറയണം. നിങ്ങളുടെ ആത്മാവും നിരാകാരമാണ്, അതെങ്ങനെയാണ് വരുന്നത്. ആത്മാവ് മുകളിൽ നിന്ന് പാർട്ടഭിനയിക്കാൻ വേണ്ടിയാണ് വരുന്നത്. ഇതും ബാബ വന്നാണ് മനസ്സിലാക്കി തരുന്നത്. കാളപുറത്തൊന്നും വരാൻ സാധിക്കില്ല. സംസാരിക്കുന്നതെങ്ങനെയാണ്. സാധാരണ വൃദ്ധ ശരീരത്തിലാണ് വരുന്നത്. മനസ്സിലാക്കി കൊടുക്കുന്നതിന് യുക്തി വേണം. നിങ്ങൾ ഭക്തി ചെയ്യാറില്ലേ എന്ന് ആരെങ്കിലും ചോദിക്കുകയാണെങ്കിൽ ഞങ്ങൾ എല്ലാം ചെയ്യുന്നുണ്ടെന്ന് പറയണം. യുക്തിയോടു കൂടി പെരുമാറണം. ആരെയെങ്കിലും ഉണർത്താൻ എന്ത് യുക്തി രചിക്കണം എന്ന് ചിന്തിക്കണം. ആരോടും ദേഷ്യപ്പെടരുത്. കുടുംബത്തിലിരുന്നുകൊണ്ടും പവിത്രമായി ജീവിക്കണം. സേവനമൊന്നും ലഭിക്കുന്നില്ല എന്ന് നിങ്ങൾ പറയാറുണ്ട്. വളരെയധികം സേവനം നിങ്ങൾക്ക് ചെയ്യാൻ സാധിക്കും. ഗംഗാ നദിയുടെ തീരത്ത് ചെന്നിരുന്ന് ചോദിക്കൂ ഈ വെള്ളത്തിൽ സ്നാനം ചെയ്യുന്നതുകൊണ്ട് എന്ത് സംഭവിക്കും, നിങ്ങൾക്ക് പാവനമായി മാറാൻ സാധിക്കുമോ. പതീത പാവനാ വരൂ, വന്ന് ഞങ്ങളെ പാവനമാക്കി മാറ്റൂ എന്ന് പറഞ്ഞ് നിങ്ങൾ ഭഗവാനെ വിളിച്ചിരുന്നു. അങ്ങനെയെങ്കിൽ പതീത പാവനൻ ഭഗവാനാണോ ഈ നദിയാണോ. ഇങ്ങനെയുള്ള ഒരുപാട് നദികളുണ്ട്. എന്നാൽ പതീത പാവനനായ ബാബ ഒന്നേയുള്ളൂ. ഈ വെള്ളത്തിന്റെ നദികൾ സദാ ഇവിടെയുണ്ട്. പാവനമാക്കുന്നതിനു വേണ്ടി ബാബയ്ക്ക് വരേണ്ടി വന്നു. പുരുഷോത്തമ സംഗമയുഗത്തിലാണ് വരുന്നത്, വന്ന് പാവനമാക്കി മാറ്റുന്നു. അവിടെ പതീതർ ഉണ്ടായിരിക്കുകയില്ല. പേര് തന്നെ സ്വർഗം എന്നാണ്, പുതിയ ലോകം. ഇപ്പോൾ പഴയ ലോകമാണ്. ഈ സംഗമയുഗത്തെ കുറിച്ച് നിങ്ങൾക്കല്ലാതെ മറ്റാർക്കും അറിയില്ല. ബാബ അനേക പ്രകാരത്തിലുള്ള സേവനത്തിന്റെ യുക്തികൾ മനസ്സിലാക്കി തരുന്നു. വിഡ്ഢിയുമാകരുത്. അമർനാഥക്ഷേത്രത്തിൽ പ്രാവുകളുണ്ടെന്ന് പറയാറുണ്ട്. പ്രാവുകൾ സന്ദേശമെത്തിക്കുന്നു. പരമാത്മാവിന്റെ സന്ദേശം മുകളിൽ നിന്ന് പ്രാവ് കൊണ്ടു വരുന്നു എന്നല്ല. ഇതും പഠിപ്പിക്കുന്നതാണ്. എഴുതിയിട്ട് പ്രാവിന്റെ കാലിൽ കെട്ടി കൊടുത്താൽ അത് കൊണ്ടുപോകുന്നു. അതിന് സഹജ രീതിയിൽ ധാന്യം ലഭിക്കുകയാണെങ്കിൽ മറ്റെവിടെയും അലയേണ്ട ആവശ്യമില്ല. നിങ്ങൾക്കും ഇവിടെ ധാന്യം ലഭിച്ചിരിക്കുന്നു, ഇവിടെ നിന്നു തന്നെയാണ് വിശ്വത്തിന്റെ ചക്രവർത്തി പദവി ലഭിക്കുന്നതെന്ന് നിങ്ങളുടെ ബുദ്ധിയിലുണ്ട്. എവിടെ നിന്നാണോ ധാന്യം അവിടെയാണ് മമത്വം ഉണ്ടായിരിക്കുക. നിങ്ങൾ ചൈതന്യമാണ്, അവിനാശി ജ്ഞാനരത്നങ്ങളുടെ മാല നിങ്ങൾ കുട്ടികൾക്കാണ് ലഭിക്കുന്നത്. പക്ഷികൾ സാഗരത്തെ കുടിച്ചു വറ്റിച്ചു എന്ന് ശാസ്ത്രങ്ങളിൽ ഉണ്ട്. കഥകൾ ഒരുപാട് എഴുതിയിട്ടുണ്ട്. സത്യമാണെന്ന് മനുഷ്യർ പറയും. സാഗരത്തിൽ നിന്ന് ദേവതകൾ വന്നു എന്നും പറയും. രത്നങ്ങൾ നിറച്ചു വന്നു. സത്യമാണെന്ന് പറയും. സമുദ്രത്തിൽ നിന്ന് ദേവതകൾ വരുന്നതെങ്ങനെയാണ്. സമുദ്രത്തിൽ മനുഷ്യരോ ദേവതകളോ ഉണ്ടാകുമോ. ഒന്നും മനസ്സിലാക്കുന്നില്ല. ജന്മ ജന്മാന്തരം അസത്യ പഠിക്കുകയും കേൾക്കുകയും ചെയ്തു വന്നു. അസത്യമായ മായ..... എന്ന് അതുകൊണ്ടാണ് പറയുന്നത്. സത്യവും അസത്യവും തമ്മിൽ രാത്രിയുടെയും പകലിന്റെയും വ്യത്യാസമുണ്ട്. അസത്യം പറഞ്ഞ് പറഞ്ഞ് അപവിത്രമായി മാറി. നിങ്ങൾ വളരെ യുക്തിയോടു കൂടി പറഞ്ഞു കൊടുത്തിട്ടും കോടിയിൽ ചിലരുടെ ബുദ്ധിയിൽ മാത്രമേ ഇത് ഇരിക്കുന്നുള്ളൂ. ഇത് വളരെ സഹജമായ ജ്ഞാനവും യോഗവുമാണ്. അച്ഛൻ, ടീച്ചർ, സദ്ഗുരുവിനെ ഓർമ്മിക്കുന്നതിലൂടെ ബാബയുടെ നിർദ്ദേശങ്ങൾ ബുദ്ധിയിൽ വരുന്നു. സ്വയത്തെ പരിശോധിക്കണം. ബാബയുടെ ഓർമ്മയിലാണോ അതോ ബുദ്ധി അവിടെയും ഇവിടെയും അലയുന്നുണ്ടോ. നിങ്ങളിപ്പോൾ വിവേകശാലിയായി മാറി. ബാബ എത്ര മധുര മധുരമായ കാര്യങ്ങളാണ് മനസ്സിലാക്കി തരുന്നത്. യുക്തികൾ പറഞ്ഞു തരുന്നുണ്ട്. നിങ്ങൾ ആർക്കെങ്കിലും പറഞ്ഞു മനസ്സിലാക്കി കൊടുക്കുകയാണെങ്കിൽ അവരൊരിക്കലും നിങ്ങളുടെ ശത്രു ആവുകയില്ല. ശിവബാബ നിങ്ങളുടെ അച്ഛനും ടീച്ചറും സദ്ഗുരുവുമാണ്, ആ ബാബയെ ഓർമ്മിക്കണം. മനസ്സിലാക്കി കൊടുക്കാനുള്ള യുക്തികൾ രചിക്കണം. ബ്രഹ്മാവിന്റെ ചിത്രം വളരെ പുറകിലാണ്. ഒരിക്കലും ശിവന്റെ ചിത്രത്തെ നോക്കി ചോദ്യങ്ങൾ ചോദിക്കുകയില്ല. ബാബ എല്ലാ ആത്മാക്കളുടെയും അച്ഛനാണല്ലോ. ബാബയെ ഓർമ്മിക്കുകയാണെങ്കിൽ അനേകരുടെ മംഗളം ഉണ്ടാകും. ബാബയെ ഓർമ്മിക്കുന്നതിലൂടെ നിങ്ങൾ പതീതത്തിൽ നിന്നും പാവനമായി മാറുന്നു. ബാബ എല്ലാവരുടെയും

അച്ഛനാണ്. ഒരു ബാബയുടെ ഓർമ്മയല്ലാതെ വെറെ ആരുടെയും ഓർമ്മ വരരുത്. മറ്റെല്ലാ സംഗത്തെയും വിട്ട് ഒരു സംഗം ചേരണം. ഇതാണ് മറ്റുള്ളവരുടെ മംഗളം ചെയ്യാനുള്ള യുക്തി. ബാബയെ ഓർമ്മിക്കാൻ കഴിയുന്നില്ല എങ്കിൽ എങ്ങനെ പാവനമായി മാറും. വീട്ടിലും നിങ്ങൾക്ക് സേവനം ചെയ്യാൻ സാധിക്കും. ധാരാളം മിത്രസംബന്ധികളെ കാണും. ഭിന്ന-ഭിന്ന യുക്തികൾ രചിക്കൂ. അനേകരുടെ മംഗളം ചെയ്യാൻ സാധിക്കും. എല്ലാവർക്കും കൂടി ഒരേ ഒരു കടയാണുള്ളത്. വെറെ കടയില്ലെങ്കിൽ നിങ്ങളെവിടെ പോകും. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരികെ കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) കുടുംബത്തിൽ വളരെ യുക്തിയോടെ പെരുമാറണം, ആരോടും ദേഷ്യപ്പെടരുത്, തീർച്ചയായും പവിത്രമായി മാറണം.

2) ഒരു ബാബയിൽ നിന്നും അവിനാശി ജ്ഞാന രത്നങ്ങളുടെ മാല എടുത്ത് ബുദ്ധിയാകുന്ന സഞ്ചി നിറക്കണം, ബുദ്ധിയെ അലയിക്കരുത്, സന്ദേശിയായി മാറി സർവ്വർക്കും ബാബയുടെ സന്ദേശം കൊടുക്കണം.

## വരദാനം - പിരധിയില്ലാത്ത വൈരാഗ്യവൃത്തിയിലൂടെ സർവ്വ ആസക്തികളിൽ നിന്നും മുക്തമായിരിക്കുന്ന സത്യമായ രാജഋഷിയായി ഭവിക്കൂ.

രാജഋഷി അർത്ഥം ഒരു വശത്ത് രാജ്യം മറുവശത്ത് ഋഷി അതായത് പരിധിയില്ലാത്ത വൈരാഗി. തന്നോട് തന്നെയോ, വ്യക്തികളോടോ, വസ്തുക്കളോടോ എവിടെയെങ്കിലും ആസക്തിയുണ്ട് എങ്കിൽ രാജഋഷിയല്ല. ആർക്കെങ്കിലും സങ്കൽപ്പത്തിൽ എങ്കിലും ആസക്തിയുണ്ട് എങ്കിൽ അവരുടെ കാലുകൾ രണ്ട് തോണിയിലാണ്, പിന്നെ അവിടെയും ഇരിക്കില്ല ഇവിടെയും ഇരിക്കില്ല. അതിനാൽ രാജഋഷിയാകൂ, പരിധിയില്ലാത്ത വൈരാഗിയാകൂ അർത്ഥം ഒരു ബാബ രണ്ടാമതോരാളില്ല - ഈ പാഠം ഉറപ്പിക്കൂ.

## സ്ലോഗൻ - ക്രോധം അഗ്നിയാണ് അത് സ്വയത്തേയും കത്തിക്കുന്നു മറ്റുള്ളവരേയും കത്തിക്കുന്നു.